**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവനന്തപുരം നഗരസഭ - ജനന മരണ വിവാഹ രജിസ്ട്രേഷൻ - ഫയൽ അദാലത്ത് – അധികമായി ചെലവായ തുക നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം. 552/2019/തസ്വഭവ തിരുവനന്തപുരം, തീയതി, 07/03/2019

പരാമർശം:- 1. സ.ഉ.(സാധാ)നം.1620/2017/തസ്വഭവ തീയതി. 27/04/2017.
2. തിരുവനന്തപുരം നഗരസഭാ സെക്രട്ടറിയുടെ 17/05/2017 ലെ HIQ/78262/15 നമ്പർ കത്ത്.
3. തിരുവനന്തപുരം നഗരസഭാ സെക്രട്ടറിയുടെ 14/08/2017 ലെ HIQ/78262/15 നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്തെ വിവിധ തദ്ദേശ രജിസ്ട്രേഷൻ യൂണിറ്റുകളിൽ തീർപ്പാക്കാതെ അവശേഷിക്കുന്ന ജനന മരണ വിവാഹ രജിസ്ട്രേഷൻ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിലേയ്ക്കായി ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നീ രജിസ്ട്രേഷൻ യൂണിറ്റുകളിൽ 2017 മെയ് മാസം 18, 19 തീയതികളിൽ അദാലത്ത് സംഘടിപ്പിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവയുടെ തനത് ഫണ്ടിൽ നിന്നും യഥാക്രമം 7,500/-, 15,000/-, 25,000/- രൂപയിൽ കവിയാത്ത തുക ചെലവഴിക്കുന്നതിന് പരാമർശം 1 പ്രകാരം യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

തിരുവനന്തപുരം കോർപ്പറേഷനിൽ 2014, 2015, 2016 വർഷങ്ങളിൽ വിവിധ കാരണങ്ങളിൽ തീർപ്പാക്കാതെയുള്ള 12000 ഓളം അപേക്ഷകൾ തീർപ്പാക്കുന്നതിന് മേയ് 18, 19, 20, 30, 31 തീയതികളിൽ അദാലത്ത് സംഘടിപ്പിക്കുകയും പരാമർശം 1 പ്രകാരം തനത് ഫണ്ടിൽ നിന്ന് ചെലവഴിക്കുന്നതിന് അനുമതി നൽകിയ 25,000/- രൂപ അപര്യാപ്തമായതിനാൽ 5 ദിവസം സംഘടിപ്പിടിച്ചിരിക്കുന്ന ടി അദാലത്തിന്റെ ചെലവ് തിരുവനന്തപുരം കോർപ്പറേഷന്റെ തനത് ഫണ്ടിൽ നിന്ന് നൽകുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശം 2 പ്രകാരം തിരുവനന്തപുരം നഗരസഭാ സെക്രട്ടറി അഭ്യർത്ഥിച്ചിരിക്കുന്നു. ടി അദാലത്തിന് 1,33,949/- രൂപ ചെലവായെന്ന് പരാമർശം 3 പ്രകാരം അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം കോർപ്പറേഷനിൽ 5 ദിവസം സംഘടിപ്പിച്ച അദാലത്തിന് ചെലവായ 1,33,949/- രൂപയിൽ പരാമർശം 1 പ്രകാരം അനുമതി നൽകിയ 25,000/ രൂപ കുറച്ച് ബാക്കി തുകയായ 1,08,949/- (ഒരു ലക്ഷത്തി എണ്ണായിരത്തി തൊള്ളായിരത്തി നാൽപത്തിയൊമ്പത്) രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ബീനമോൾ.കെ.ജെ**

**ഡെപ്യൂട്ടി സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, തിരുവനന്തപുരം നഗരസഭ

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം.

സെക്ഷൻ ഓഫീസർ